"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം- കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ NAPS (National Apprenticeship Promotion Scheme) പോർട്ടൽ വഴി Industrial Training Department-ന് കീഴിലുള്ള RI സെന്ററിൽ നിന്ന് അപ്രന്റിസ് ട്രെയിനികളെ താത്ക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.502/2026/LSGD  തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. 1961-ലെ Apprentices Act
2. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അഡിഷണൽ സെക്രട്ടറിയുടെ 28.10.2025-ലെ 2699692-2024 നം. കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.01.2026-ലെ LSGD/PD/36731/2025-GEB4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അധികരിച്ച ജോലികൾ നിർവ്വഹിക്കുന്നതിന്, നിലവിലുള്ള ഓവർസിയർമാരുടെ സേവനം പര്യാപ്തമാകാത്ത സാഹചര്യത്തിൽ, NAPS പോർട്ടൽ വഴി Industrial Training Department-ന് കീഴിലുള്ള RI സെന്ററിൽ നിന്ന് ITI യോഗ്യതയുള്ള അപ്രന്റിസ് ട്രെയിനികളെ താത്ക്കാലികമായി നിയമിക്കേണ്ട സാഹചര്യം ഉള്ളതായും, കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലും സോണൽ ഓഫീസുകളിലുമായി സിവിൽ വിഭാഗത്തിൽ 5, ഇലക്ട്രിക്കൽ വിഭാഗത്തിൽ 2, മെക്കാനിക്കൽ വിഭാഗത്തിൽ 2, സർവ്വേയർ 10 എന്നിങ്ങനെ അപ്രന്റിസ് ട്രെയിനികളെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും, നിലവിൽ NAPS പോർട്ടൽ വഴി അപ്രന്റിസ് ട്രെയിനികളെ നിയമിക്കുമ്പോൾ പ്രതിമാസം നൽകുന്ന സ്റ്റൈഫന്റ് തുകയ്ക്ക് റീഇംപേഴ്സ്മെന്റ് ഇല്ലാത്തതിനാൽ, ടിയാളുകൾക്കു സ്റ്റൈഫന്റ് ഇനത്തിൽ പ്രതിമാസം ₹7000/- രൂപ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്ന് അനുവദിച്ചു നൽകുന്നതിനുള്ള അനുമതി കൂടി ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (2) പ്രകാരം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അഡിഷണൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ, പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ , കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലും സോണൽ ഓഫീസുകളിലുമായി എഞ്ചിനീയറിംഗ് വിഭാഗത്തിൽ, താഴെപ്പറയും പ്രകാരം അപ്രന്റിസ് ട്രെയിനികളെ NAPS

പോർട്ടൽ വഴി RI സെന്ററിൽ നിന്നു താത്ക്കാലികമായി നിയമിക്കുന്നതിനും, ടിയാളുകൾക്കു സ്റ്റൈഫന്റ് ഇനത്തിൽ പ്രതിമാസം ₹7000/- രൂപ, കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| അപ്രന്റിസ് ട്രെയിനി/ വിഭാഗം | എണ്ണം |
|---|---|
| സിവിൽ | 5 |
| ഇലക്ട്രിക്കൽ | 2 |
| മെക്കാനിക്കൽ | 2 |
| സർവ്വേയർ | 10 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അഡിഷണൽ സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 27-02-2026 12:03:53